കേരളീയം, കൊക്കാലെ, തൃശൂർ-680021
e-mail: mailkeraleeyam@gmail.com, 0487 2421385

## ദേശീയപാത വികസനം: മുഖ്യമന്ത്രി നിലപാട് വ്യക്തമാക്കണം

**സംസ്ഥാനത്തെ** ദേശീയപാത വികസനം 45 മീറ്ററിൽ തന്നെ നടപ്പാക്കുമെന്നും ഇനി ചർച്ചയില്ലെന്നുമുള്ള മുഖ്യമന്ത്രി പിണറായി വിജയന്റെ നിലപാട് ജനാധിപത്യ വിരുദ്ധവും ദുരൂഹവുമാണ്. എല്ലാത്തരം ടോൾ പിരിവുകൾക്കും എതിരാണെന്ന് പറയുകയും ദേശീയപാത ബി.ഒ.ടി. ടോൾ പദ്ധതി നടപ്പാക്കാൻ 45 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുത്ത് നൽകാമെന്ന് കേന്ദ്ര സർക്കാരിന് ഉറപ്പ് നൽകുകയും ചെയ്യുന്ന അദ്ദേഹം ഈ വിഷയത്തിൽ ഇരട്ടത്താപ്പാണ് സ്വീകരിക്കുന്നത്. പൊതുനിരത്ത് സ്വകാര്യവൽക്കരിച്ച് ചുങ്കപ്പിരിവിലൂടെ ജനങ്ങളെ കൊള്ളയടിക്കാൻ കോർപ്പറേറ്റുകൾക്ക് ലൈസൻസ് നൽകുന്ന ഒന്നാണ് ബി.ഒ.ടി രീതി. ഈ പദ്ധതിക്കുവേണ്ടി ലക്ഷക്കണക്കിന് കുടുംബങ്ങളെ കുടിയൊഴിപ്പിക്കാനുള്ള ഹീനമായ നീക്കത്തിനെതിരെ കഴിഞ്ഞ 12 വർഷമായി ജനങ്ങൾ ശക്തമായ പ്രക്ഷോഭത്തിലാണ്. ജനകീയ പ്രതിഷേധവും സമര സമിതിയുടെ ആവശ്യവും അംഗീകരിച്ച് പുതിയ സാധ്യതാപഠനത്തിനും വിശദമായ പദ്ധതി രേഖ തയ്യാറാക്കാനും ടെണ്ടർ ക്ഷണിച്ചിരിക്കുകയാണ് കേന്ദ്രസർക്കാർ.

പദ്ധതി സാധ്യമാണോ എന്ന പഠനം പോലും ആരംഭിച്ചിട്ടില്ല. നിലവിലെ സാഹചര്യം ഇതായിരിക്കെ ടു.ജി സ്പെക്ട്രത്തേക്കാൾ വലിയ അഴിമതിയെന്ന് ചീത്തപ്പേരുള്ള ബി.ഒ.ടി പദ്ധതിക്ക് വേണ്ടി മുഖ്യമന്ത്രി രംഗത്തുവരുന്നത് അഴിമതിരഹിത ജനകീയ സർക്കാർ എന്ന പ്രതിഛായയ്ക്ക് കളങ്കമാണ്. കഴിഞ്ഞ ഇടതുസർക്കാർ പ്രഖ്യാപിക്കുകയും യു.ഡി.എഫ് സർക്കാർ നടപ്പാക്കുകയും ചെയ്ത കരമന-കളിയിക്കാവിള മോഡലിൽ 30 മീറ്റർ വീതിയിൽ ആറുവരിപ്പാത നിർമ്മിക്കുകയാണ് പ്രശ്നത്തിന് ജനകീയ പരിഹാരം. ഇതിലൂടെ കുടിയൊഴിപ്പിക്കലും പരിസ്ഥിതി ആഘാതവും പണച്ചിലവും കാലതാമസവും ഏറെ ഒഴിവാക്കാൻ കഴിയും. എന്നാൽ ഇതൊന്നും പരിഗണിക്കാതിരിക്കുകയും ഇനി ചർച്ചയില്ലെന്ന് പറയുകയും ചെയ്യുന്ന മുഖ്യമന്ത്രിയുടെ പിടിവാശി ജനാധിപത്യ രീതിക്ക് നിരക്കുന്നതല്ല.

കഴിഞ്ഞ ജൂൺ മാസത്തിൽ സമരസമിതിയുടെ സംസ്ഥാന നേതാക്കൾ കോടിയേരി ബാലകൃഷ്ണൻ, കാനം രാജേന്ദ്രൻ, വകുപ്പ് മന്ത്രി ജി. സുധാകരൻ, മുഖ്യമന്ത്രിയുടെ ഉപദേഷ്ടാവ്, പൊളിറ്റിക്കൽ സെക്രട്ടറി എന്നിവരെ നേരിൽ കണ്ട് പുതിയ ബദൽ നിർദേശങ്ങൾ സമർപ്പിച്ചിരുന്നു. ഇക്കാര്യം എൽ.ഡി.എഫിൽ അവതരിപ്പിക്കുമെന്നും സമരസമിതിയുമായി ചർച്ച നടത്താമെന്നും ഉറപ്പുലഭിച്ചിരുന്നു. ഇതിന് കടകവിരുദ്ധമായി മുഖ്യമന്ത്രി ഏകപക്ഷീയമായി നിലപാട് പ്രഖ്യാപിക്കുന്നത് പ്രശ്നപരിഹാരത്തിനുതകുന്നതല്ല. ഇത്തരം കടുംപിടുത്തവും വികസന തീവ്രവാദവുമാണ് ബംഗാളിലെ പാർട്ടിക്ക് തിരിച്ചടിയുണ്ടാക്കിയത് എന്നോർക്കണം. ഭൂമിവിലമാത്രം പതിനായിരക്കണക്കിന് കോടി രൂപ വേണ്ടിവരുമെന്നിരിക്കെ സമഗ്രമായ പുനരധിവാസം നൽകുമെന്ന അപ്രായോഗിക തീരുമാനം ഇരകളെ ആശ്വസിപ്പിക്കുന്നതല്ല. പദ്ധതിയിൽ അടങ്ങിയിരിക്കുന്ന ബി.ഒ.ടി-ടോൾ വ്യവസ്ഥകളോടുള്ള സംസ്ഥാന സർക്കാർ നയം മുഖ്യമന്ത്രി വൈകാതെ വ്യക്തമാക്കേണ്ടതുണ്ട്.

**ഹാഷിം ചേന്ദാമ്പിള്ളി, എറണാകുളം**

## ദളിത് അതിക്രമം: ഇടതു സർക്കാർ പൊലീസ് നയം മാറ്റണം

ജിഷ വധക്കേസിന്റെയും, തലശ്ശേരി കുറ്റിമാക്കൂൽ ദലിത് പീഡനത്തിന്റെയും പശ്ചാത്തലത്തിൽ ദലിത് അതിക്രമങ്ങളോടുള്ള പോലീസ് നയം മാറ്റാൻ ഇടത് സർക്കാർ തയ്യാറാകണം. ദലിത് അതിക്രമ കേസുകൾ പോലീസ് അട്ടിമറിക്കുന്നതായി വ്യാപകമായ പരാതി നിലനിൽക്കുന്നുണ്ട്. കുറ്റവാളികൾ കൂട്ടത്തോടെ വിട്ടയക്കപ്പെടുന്നതായും 250 ലേറെ കൊലപാതക കേസുകളിൽ ശാസ്ത്രീയാന്വേഷണം ഒഴിവാക്കിയതായും ദലിത് സംഘടനകൾ ആരോപിക്കുന്നു. ജിഷ കേസിൽ കേസന്വേഷണം അട്ടിമറിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കണമെന്ന ആവശ്യം നിലനിൽക്കുമ്പോഴാണ് കണ്ണൂർ കുറ്റിമാക്കൂലിൽ ദലിത് പീഡനത്തിലെ ഇരകളെ ജയിലിലടക്കുകയും ആത്മഹത്യക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്ന സമീപനം പോലീസ്-ഇടതുപക്ഷ പാർട്ടികളിൽ നിന്നും ഉണ്ടായത്.

ഉത്തരമലബാറിൽ ദലിതർക്കെതിരെ നടക്കുന്ന 90% അതിക്രമകേസുകളിലും പ്രതികളെ സംരക്ഷിക്കാൻ സി.പി.എം പ്രാദേശിക നേതൃത്വങ്ങൾ പരസ്യമായി രംഗത്തുവരുന്ന സ്ഥിതിയുണ്ട്. ഇതിനായി പോലീസ് സംവിധാനം ഉപയോഗിക്കുകയും ചെയ്യുന്നു. കോൺഗ്രസ് പാർട്ടിയുടെ സംരക്ഷണമുണ്ടായിട്ടും, കുറ്റിമാക്കൂലിലെ രാജൻ, ദലിത് സമുദായക്കാരനായതിനാൽ നിരന്തരം ആക്രമിക്കപ്പെട്ടു. പയ്യന്നൂരിലെ ചിത്രലേഖക്കെതിരെ നടന്ന അതിക്രമങ്ങളിലും പ്രതികളെ സി.പി.എം സംരക്ഷിച്ചു. ഇരയായ ചിത്രലേഖയെ നിശ്ശബ്ദമാക്കാൻ കള്ളക്കേസിൽ കുടുക്കി. കണ്ണൂർ അഴീക്കൽ പ്രദേശത്തെ പാമ്പാടിയാൽ ക്ഷേത്രത്തിലെ ഭാരവാഹികൾ തുടരുന്ന അയിത്താചാരണത്തിനെതിരെ പോലീസ് കേസെടുത്തു. എന്നാൽ പ്രതികളെ സംരക്ഷിക്കുന്നത് പ്രാദേശികമായി സി.പി.എം നേതൃത്വമാണ്. കണ്ണൂർ, കുന്നരു യു.പി. സ്ക്കൂളിലെ അദ്ധ്യാപകൻ, ദലിത് വിദ്യാർത്ഥിക്കെതിരെ നടത്തിയ ജാതിവിവേചനത്തിൽ കേസെടുത്തപ്പോഴും പ്രതിയെ സംരക്ഷിക്കാൻ ഇടതുപക്ഷ സംഘടനകൾ കൂട്ടുനിന്നു. മതവർഗ്ഗീയ വാദികൾ കൊലചെയ്ത കരക്കാടൻ വിനീഷിന്റെ കേസ് ഒതുക്കി തീർക്കുന്നതിലും പ്രാദേശിക സിപിഎം നേതാക്കൾ ഒത്താശ ചെയ്തു. ജാതി വാദത്തിലേക്ക് പ്രാദേശിക നേതാക്കൾ മാറിക്കൊണ്ടിരിക്കുമ്പോൾ അതിനെ തിരുത്താൻ സി.പി.എം നേതൃത്വം തയ്യാറാകുന്നില്ല. പ്രതികളെ സംരക്ഷിക്കാൻ പോലീസിനെ ഉപയോഗിക്കുന്ന നടപടി അവസാനിപ്പിക്കണം. കുറ്റിമാക്കൂലിലെ ദലിത് യുവതികൾക്കെതിരെയുള്ള കേസ് പിൻവലിക്കണം.

**എം. ഗീതാനന്ദൻ**